# നിറവ്

ജി. എച്ച്. എസ്. എസ്. കടവല്ലൂർ

## ഉള്ളടക്കം

ആമുഖം....2
ഗവ. ഹൈസ്കൂൾ കടവല്ലൂർ-ചരിത്രം....3
....5
അമ്മ....5
പ്രകൃതി....6
നഷ്ടപ്പെട്ട നീലാംബരി....7
ഹൃദയത്തിലെ വിങ്ങിപൊട്ടൽ....9
NATURAL DISASTERS....10
NATURAL HAZARDS....12
കടവല്ലൂർ അന്യോന്യം എന്ന വേദപരീക്ഷ....13
ഇളം തെന്നലേ വരൂ....14
AMAZON RAIN FOREST....15
എന്റെ ഗ്രാമം....16
കോണുകളുടെ പാട്ട്....18
മരമാണ് ആഗോളതാപനത്തിനുള്ള മറുപടി....20
....22
മാതൃസ്നേഹം....23
ജീവനാണെൻ പ്രകൃതി....24
പൈതഗോറസ്....25
GLOBAL WARMING....26
FLOOD....27
ജാലിയൻ വാലാബാഗ്....28
ചൗരി ചൗര സംഭവം....29
Protect Planet Earth....30

# ആമുഖം

പഞ്ചവാദ്യപെരുമകൊണ്ടും ഉത്സവമേളങ്ങളാലും അന്യോന്യത്തിന്റെ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിലും ബൃഹത്തായി മാറിയ കടവല്ലൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കുരുന്നു പ്രതിഭകൾ 2019-20 അധ്യായനവർഷം അവരുടെ സാഹിത്യ രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ നിറവ് എന്ന മാഗസിൻ ഭാവിയുടെ വാഗ്ദാനങ്ങളായ പ്രതിഭകളെ വാർത്തെടുക്കാൻ ഉതകുന്നതാണ്. ആധുനിക സമൂഹത്തെ ഉറ്റുനോക്കുന്ന വെല്ലുവിളികൾക്കെതിരെയുള്ള ചോദ്യചിഹ്നമായും , പ്രകൃതിസൗന്ദര്യത്തിന്റെ വാങ്മയചിത്രങ്ങളായും സമകാലിക സമൂഹത്തിന്റെ പ്രസക്തിയുളവാക്കുന്നവയായും വ്യത്യസ്ത ജീവിത വീചികളുടെ നേർക്കാഴ്ചകളായും ഈ രചനകൾ നിലകൊള്ളുന്നു.കുട്ടികളിലെ സർഗാത്മകശേഷി വർധിപ്പിക്കുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനും ഈ രചനകൾ അനുഭവ വേദ്യമാകുമെന്ന പ്രതീക്ഷയോടെ ഈ അറിവിന്റെ "നിറവ് " വായനക്കാർക്കായി ഞങ്ങൾ സമർപ്പിക്കുന്നു.

# ഗവ. ഹൈസ്കൂൾ കടവല്ലൂർ-ചരിത്രം



ഉദ്ദേശം നൂറ്റിയെട്ട് വർഷം മുമ്പ് കടവല്ലൂരിലെ അന്നത്തെ പ്രധാന ജന്മികുടുംബമായിരുന്ന പാറമൽ മനയിൽ,അവിടത്തെ കുട്ടികൾക്കും അവരോട് ബന്ധപ്പെട്ടവർക്കും അക്കാലത്ത് അവിടേക്ക് പ്രവേശനമുണ്ടായിരുന്ന ചുരുക്കം ചിലർക്കും പ്രാധമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ ഒരു പഠന കേന്ദ്രം പ്രവർത്തിരുന്നതായി മനയിലെ പുരാതന രേഖകളിൽ കാണുന്നു. ഏകദേശം അതേ കാലഘട്ടത്തിൽ തന്നെ (106 വർഷം മുമ്പ്) മറ്റൊരു ജന്മി കുടുംബമായ അച്ചുതത്ത് ഇല്ലത്തും ഇത്തരം ഒരു സ്ഥാപനം ഉണ്ടായിരുന്നതായി അവിടത്തെ ഇപ്പോഴത്തെ തലമുറക്കാരിൽ നിന്നും അറിയാൻ സാധിച്ചു.ഇതേ കാലത്തുകന്നെ കല്ലുംപുറത്ത് കല്ലറക്കലിൽ ബാസൽ മിഷൻകാരുടെ വക ഇംഗ്ലീഷ് കൂടി പഠിപ്പിച്ചിരുന്ന ഒരു സ്കൂളും ഉണ്ടായിരുന്നതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഇതിൽ പാറാമൽ മനയിൽ ഉണ്ടായിരുന്ന സ്ഥാപനം ഇല്ലപ്പറമ്പിന്റെ

പടിഞ്ഞാറു ഭാഗത്തുള്ള കുളത്തിന്റെ കിഴക്കുവശത്തായി ഉണ്ടായിരുന്ന കയ്യാലപ്പുരയിലായിരുന്നത്രെ പ്രവർത്തിച്ചിരുന്നത്.അച്ചുതത്ത് ഇല്ലത്തുണ്ടായിരുന്ന സ്ഥാപനം ഇപ്പോഴുള്ള തറവാട്ടുവളപ്പിന്റെ വടക്കു പടിഞ്ഞാറു മൂലയിലായിരുന്നു.കുന്ദകുളം ഗവൺമെന്റ് ആശുപത്രിയുടെ ചരിത്രത്തിലെ ആദ്യ നേത്രരോഗ വിദഗ്ധനായിരുന്ന ഡോ.രാമൻ മൂസ്സതിന്റെ വിദ്യാഭ്യാസാർത്ഥമാണ് അവിടെ ആസ്ഥാപനം തുടങ്ങിയതെന്നും അറിയുന്നു.പിന്നീട് ക്ഷേത്രപരിസരത്ത് പ്രവർത്തിച്ചിരുന്ന വിദ്യാകേന്ദ്രങ്ങൾ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെ അന്ന് കുത്തുപറമ്പെന്നും നായാടിക്കുന്നെന്നും അറിയപ്പെട്ടിരുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയാണുണ്ടായത്.ഈ സ്ഥലം പാറമൽ മനവകയായിരുന്നു.മേൽപ്പറഞ്ഞ സ്ഥലത്ത് സ്കൂൾ എന്ന് ആരഭിച്ചു എന്നുള്ളതിന് വ്യക്തമായ രേഖകൾ ഇന്നില്ലെങ്കിലും കൊല്ലവർഷം 1077 മേടമാസത്തിൽ (എ.ഡി.1902) അദ്ധ്യാപകനായിരുന്ന ഒരു രാവുണ്ണിമേനോന് ശമ്പളം ഏഴ് അണ അതുവരെയുള്ള കണക്കുതീർത്ത് കൊടുത്തതായും രേഖകളിൽ കാണുന്നു.അതുപോലെ കൊല്ലവർഷം 1083 (എ.ഡി.1907) മേടം,എടവം മാസങ്ങളിൽ ഒരു സ്ഥിരം കെട്ടിടത്തിന് കൽപ്പണി ആശാരിപ്പണി (വാതിൽ,ജനൽ,തറപ്പണി) എന്നിവയ്ക്ക് ചെലവ് ചെയ്തതായും പണികളുടെ ചുമതല കല്ലുംപുറത്തങ്ങാടിയിൽ ശ്രീ.ചെറിയാക്കുവിനെ ഏല്പ്പിച്ചതായും രേഖകളിൽ കാണുന്നു.സ്കൂൾ ഇന്നത്തെ സ്ഥലത്ത് ആരംഭിച്ചതിന് ശേഷം മുമ്പ് സൂചിപ്പിച്ച മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിലച്ചുപോയതായിട്ടാണ് അറിയാൻ കഴിഞ്ഞത്.1907 ൽ എൽ.പി.സ്കൂൾ ഉണ്ടായിരുന്നതായി സ്കൂളിൽ നിന്നും ലഭിച്ച പുരാതന രേഖകളിൽ കാണുന്നു.1947 ൽ യു.പി. സ്കൂളായും,1966 ൽ ഹൈസ് കൂളായും ഉയർത്തപ്പെട്ടു.

ARJUN EJ

# അമ്മ



നീ തന്നെ സർവവും നീ തന്നെ സത്യവും
നീ തന്നെ സർവ സൗന്ദര്യവും
നീ തന്നെ യമ്മിഞ്ഞപാലിന്റെ
മാധുര്യം ഞാൻ മറയുവോളം മറക്കുകില്ല
കാക്കയെ കാണിച്ച കോഴിയെ
കാണിച്ച സ്നേഹത്താൽ
നീയെന്നെയൂട്ടിയില്ലേ.....
അമ്പിളിമാമനെ കാട്ടിയും
നീയെന്നെ താരാട്ടുപാടിയുറക്കിയില്ലേ...
കാർമേഘമെന്നപ്പോലെൻ മനമാകകിൽ
മാറോടണക്കിതഴുകിട്ടും നീ...
അതിജീവനത്തിന്റെ നേർവഴിക്കാട്ടി
നീ ഓർമ്മയിലെന്നും ജ്വലിച്ച നിൽക്കും.

Amritha.M.A

# പ്രകൃതി




പുതുമണ്ണിന്റെ  ഗന്ധമായ്
പൂവിൻ നിറസുഗന്ധമായ്
കുന്നിന്റെ പൊക്കമായ്
സൂര്യന്റെ വെളിച്ചമായ്
കൊടുങ്കാറ്റിന്റെ വേഗമായ്
എല്ലാം നീയെന്നെ പഠിപ്പിച്ചു
ഞാൻ പഠിച്ചു
നിൽക്കാതെ ഓടുവാൻ
ആരെയും കൊല്ലുവാൻ
സമ്പാദിച്ചു കൂട്ടുവാൻ
മണ്ണില്ലാത്ത ഭൂമിയിൽ
പണം കായ്ക്കുന്ന
മരം നട്ടുവളർത്തുവാൻ

RUSDHA 9C

# നഷ്ടപ്പെട്ട നീലാംബരി

ജീവിതത്തിൽ നഷ്ടങ്ങൾ ഒരുപാടാണ്.അനുഭവവേദ്യമല്ലാത്ത ഒരുപാട് നഷ്ടങ്ങൾ നേരിട്ടിട്ടുണ്ട്.പിന്നിട്ട് ചിന്തിക്കുമ്പോഴാണ് അവ നഷ്ടമായിരുന്നെന്ന് നാം തിരിച്ചറിയുക.അത്തരം നഷ്ടങ്ങളുടെയോ,സങ്കീർണതയുടേയോ ആശയഗ്രന്ഥിയടങ്ങിയ 13 കഥയുടെ പുസ്തകം.നഷ്ടപ്പെട്ട നീലാംബരി

താനേറെ സന്തോഷം കൊണ്ട ദാമ്പത്യം തന്റെ ഭർത്താവായ ജീനിയസ്സ് ചിത്രക്കാരന്റെ സൗഹൃദബന്ധങ്ങൾക്ക് തന്റെ നഗ്ന ശരീരത്തെ കാഴ്ചപ്പെടുത്താൻ പ്രേരിപ്പിക്കുന്നതിൽ സങ്കീർണാവസ്ഥയിൽപ്പെട്ട ദാമ്പത്യം നഷ്ടപ്പെട്ട ഭാര്യ-ജീനിയസ്സിന്റെ ഭാര്യ.സ്ത്രീജനത്തിന്റെ മോഹകരണങ്ങളേറ്റ ദിനം ,വിവാഹസുദിനം ആദിനത്തിൽ കാശുള്ളവരുടെ പോലെ ചമയം കെട്ടാൻ സാധാരണക്കാരിയായ യുവതിയുടെ മോഹം വീട്ടുക്കാരുടെ സങ്കീർണയോർത്ത് നഷ്ടപ്പെടുത്തുക.റോസികുട്ടി രാഷ്ട്രീയ ജീവിതത്തെ കർമ്മമായികണ്ട ഒരു വൃദ്ധ അണിഞ്ഞിരുന്ന ഖദർ മാറ്റി നിറമുള്ളവ വേണമെന്നാവിശ്യപ്പെട്ടുമ്പോൾ സ്വയബോധാവസ്ഥ നഷ്ടപ്പെട്ട അന്ത്യാഭിലാഷത്തിലേക്ക് മാറിയവരായിരുന്ന- മീനാക്ഷിയമ്മയുടെ മരണം.ഭാര്യയും മക്കളോടൊപ്പം കാർണവത്ത്വം കാണിക്കേണ്ട മകൻ അനിയനിൽ ചുമതലയേൽപ്പിച്ച് വിദേശത്തേക്ക് പോയപ്പോൾ കുഅവസാനമൊരു നോക്കു കാണാതെ പോയതിന്റെ ദുഃഖം മൂത്ത മകനും, അമ്മയുടെ മോഹം സാക്ഷാത്ക്കരിച്ചതിന്റെ പേരിൽ മക്കളുടെ കൂട്ടത്തിൽ ചന്ദനചിതയൊരുക്കിയതിന്റെ

ഇളയപുത്രനും, അവരുടെ മക്കൾക്കിടയിൽ മരുമക്കൾക്കിടയിൽ അവകാശതർക്കങ്ങളും നഷ്ടപ്പെട്ട കലഹിക്കപ്പെടുന്നു.- ചന്ദനചിത.

നഷ്ടപ്രണയത്തെ തിരിച്ച് കിട്ടിയിരുന്നെങ്കിലെന്നോർത്ത ഹരിയും എന്നാൽ പുതിയ വേണമെന്നാഗ്രഹിക്കുന്ന ഹരിയെ നിദാനത്തോടെ നിരീക്ഷിക്കുന്ന താരയും .- എന്നെന്നും താര.

നീലാംബരി രാഗത്തെ പകർത്തിയ ഗുരുവിനോടുള്ള പ്രണയത്തെ വിവാഹിതയായിട്ടും കാത്തു സൂക്ഷിക്കുന്ന ഒരു പെൺകുട്ടിയും- നഷ്ടപ്പെട്ട നീലാംബരി.

എന്നിങ്ങനെ സാധാരണയായി പല ജീവിതങ്ങളിലെന്ന പോലെ വ്യത്യസ്തമായ **അനുഭവങ്ങളിലെ പശ്ചാത്തലത്തിലെ**നഷ്ടങ്ങളേയും മോഹങ്ങളേയും പ്രതീക്ഷകളേയും അവതരിപ്പിക്കുന്ന നിരീക്ഷണപൂർണതയുള്ള പതിമൂന്ന് കഥകൾ. അവയെ ഒരിക്കലും ആശയടിസ്ഥാനത്തിൽ ഏകീകരിക്കാനാവില്ല. പക്ഷെ വായനക്കാരുടെ വ്യത്യസ്ത സാമീപ്യത്തെ എടുത്തു നോക്കുമ്പോൾ അവയുടെ മൂലകാരണമായി കണ്ട ആശയം നഷ്ടം തന്നെയാവണം. കഥാകൃത്ത് എന്നതിലുപരി വ്യത്യസ്തങ്ങളെ പാഠമാക്കിയും,നിരീക്ഷിച്ചും പകർത്തിയ കാവ്യഭേദങ്ങൾ വായനക്കാരന്റെ മനസ്സിൽ നഷ്ടങ്ങളുടെ അങ്കലാപ്പ് വേദ്യമാക്കുന്നു. എന്തുകൊണ്ടുമപ്പോൾ ആ ചിത്രങ്ങൾ മനസ്സിൽ പതിയുകയും കൃതി വിജയകരമായും ചെയ്യുന്നു.

റിത്തിക
9-b

# ഹൃദയത്തിലെ വിങ്ങിപൊട്ടൽ

നീറുന്ന ഒരു കനൽപൊലെ

നീറുകയാണെൻ ഹൃദയം

മാറാലകെട്ടുകളിലെ പുഴുവിനെ പോലെ

പിടയുകയാണ് ഞാൻ

വിങ്ങി.... വിങ്ങി.... നീറുകയാണ്

എൻ ഹൃദയം

ആരോടും മൊഴിയാൻ കഴിയാതെ

നീരുകയാണെൻ ഹൃദയം

ജീവിതത്തിന്റെ ഇരുട്ട് നിറഞ്ഞ

വഴിയിൽ കൂടി നടക്കുകയാണ് ഞാൻ

കല്ലും മുള്ളും നിറഞ്ഞ വഴിയിൽ

ഒരു അനാഥയായി മാറുന്നു ഞാൻ

എവിടെ നിന്നോ എന്തോ

കേൾക്കുന്നു ആരോ പാടുന്നു

കെട്ട കാലത്തിന്റെ രാഗങ്ങളോ സ്വയം

പൊട്ടിത്തെറിക്കാൻ കഴിയാത്ത വിങ്ങലോ

# NATURAL DISASTERS

*A natural disaster is an unforeseen occurrence of an event that causes harm to society. There are many natural disasters that damage the environment and the people living it. Some of them are earthquakes, cyclones, floods, tsunami, landslides, volcanic eruption and avalanches. Spatial extent measures the degree or severity of the disasters.*

## ***LEVELS OF DISASTERS***

*The severity or degree of damage on be further divided into three categories:*

***Small scale disasters****: Small scale disasters are these that extent from 50km to 100kms. So this kind of disasters does not cause much damage.*

***Medium scale disasters**: Medium scale disasters extent from 100kms to 500kms. These cause more damage than a small scale disasters. Moreover, they can cause greater damage if they in colonial states.*

***Large scale disasters**: These disasters cover an area of more than 1000kms. These cause the most severe damage to the environment. Furthermore, these disasters can even take over a country if the degree is high. For instance the wiping out of the dinosaurs was because of a large scale natural disasters.*

BASIL 9-C

# NATURAL HAZARDS

*Hazards, the natural hazards*
*We met before*
*The flood that landslide*
*We met before*

*The hazards are our own*
*We are the creaters*
*The ownership is to all of us*
*The gift of our selfishness*

*We cry when they come*
*We lost everything*
*We caused it and*
*Cry for that*

*The hazards our hazards*
*We met before*
*We call them*
*It take off us*

-MALAVIKA

IX. C

# കടവല്ലൂർ അന്യോന്യം എന്ന വേദപരീക്ഷ

## അന്യോന്യത്തിന്റെ ഭൂതകാലം

കേരളത്തിന്റെ ഋഗ്വേദം പഠിപ്പിക്കുന്ന രണ്ട് സ്ഥാപനങ്ങളാണല്ലോ തൃശ്ശൂർ വടക്കേ ബ്രഹ്മസ്വം മഠവും, തിരുന്നാവായ ബ്രഹ്മസ്വം മഠവും . തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിൽ കിട മത്സരമായി നടന്നുവന്നിരുന്ന അന്യോന്യം രണ്ടുമഠങ്ങളിലെ പണ്ഡിതർ തമ്മിൽ ആരംഭിച്ചത്. 17-ാം നൂറ്റാണ്ടുമുതലാണെന്ന് അനുമാനിക്കാം .കൊച്ചിരാജാവിന്റെ സഹായത്താൽ നടന്നുവന്നിരുന്ന തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിൽ നിന്ന് എന്തോ ചില കാരണങ്ങളാൽ ചില വേദാദ്ധ്യാപകർ പിരിഞ്ഞുപോകയും,സാമൂതിരിയുടെ സഹായത്താൽ തിരുന്നാവായ ബ്രഹ്മസ്വം മഠം രൂപീകരിക്കുകയും ചെയ്തു.ഇതിനുശേഷം രണ്ടു യോഗക്കാർ തമ്മിലായി അന്യോന്യം. ചില വർഷങ്ങളിൽ അന്യോന്യം തൃശ്ശൂരിൽവെച്ചും സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ഋഗ്വേദപാണ്ഡിത്യ മത്സരം ചരിത്രത്തിലിടം പിടിച്ചത് 'കടവല്ലൂരന്യോന്യ'മായതിന് ശേഷമാണ്.

ഫാസിൽ 7-A

# ഇളം തെന്നലേ വരു

ഇളം തെന്നലേ വരു,

ഇവിടെയീ ഭൂമിയിൽ

ഒരിയ്ക്കൽകൂടി സാന്ത്വന-

ഗീതം പാടിക്കൊണ്ട്

മനസ്സിനുള്ളിലെ

അഗ്നിതൻ കലവറയെ

കണ്ണീർമഴകൊണ്ട്കെടുത്താം ഞാൻ

സാന്ത്വനത്തിൻ താരാട്ടു പാടിയെൻ,

മനസ്സിനെയുറക്കു ഇളം തെന്നലേ

പതുക്കെ,പതുക്കെ വരുയെന്നരികത്ത്

കിളിവാതിലൂടെയെൻ മനത്തിൽ  കടക്കു

മനതാരിൽ കടന്നു നീ മനസ്സിൻ മൺവീണയിൽ

മീട്ടൂ ആനന്ദ നാദശ്രുതി

ആ ശ്രുതിയാലെൻ ദുഃഖങ്ങൾ മായുമ്പോൾ

ഒരിക്കലും നീ പോവരുതേ

എന്നെ വെടിഞ്ഞ് പോവരുതേ

# AMAZON RAIN FOREST

*Amazon rain forest, the world's largest rain forest, is at a risk of getting burned out completely. the rain forest, which contribute almost 20 percent of earth's oxygen, has been burning forever 16 days resulting in a major loss of trees and bio diversity. According to environmentalist,99 percent of forest fires are a result of human activities either on purposes or by accident. Amazon Rain Forest is considered as planet's lungs it will completely burned out if it is not put out soon.*



Aiswarya radhakrishnan
9-C

# എന്റെ ഗ്രാമം



എനിക്ക് എന്റെ ഗ്രാമം വളരെ ഇഷ്ടമാണ്.നാട്ടിൻപുറം ഏറെ രമണീയമാണ്.കുന്നുകളും,തോടുകളും,പച്ചപ്പട്ടണിഞ്ഞ വയലേലകളും പച്ചവിരിച്ച പറമ്പുകളും പൂന്തോട്ടവും അങ്ങനെ ഒരുപാട് സുന്ദരമായ കാഴ്ചകൾ നിറഞ്ഞ ഗ്രാമം.കണ്ണുകളെ കുളിരണിയിക്കുന്ന ഒരുപാട് കാഴ്ചകൾ ഒരുക്കി നിൽക്കുന്ന ഗ്രാമം.പുതുനെല്ലിന്റെ മണം കൊണ്ട് സംഗീതം പൊഴിച്ച് കൊണ്ട് പാറിനിൽക്കുന്ന ഇളംകാറ്റ്.ആ കാറ്റിന്റെ സുഖം ഒന്ന് അനുഭവിച്ചറിയുക തന്നെ വേണം.പറമ്പുകളിലും,കുന്നിൻ ചെരുവുകളിലും തല ഉയർ ത്തിപ്പിടിച്ച് നിൽക്കുന്ന തുമ്പയും മുക്കുറ്റിയും ഈ ഗ്രാമത്തിന്റെ ഐശ്വര്യമാണ്.പൂക്കളായിരുന്ന ഈ ഗ്രാമത്തിന്റെ ആത്മാവ്.കുളക്കരയിൽ പുഞ്ചിരി ളുകി നിൽക്കുന്ന വെള്ളിയിലച്ചെടി മുക്കിലും മൂലയിലും തഴച്ചു നിൽക്കുന്ന മന്ദാരം ചെമ്പരത്തി പിച്ചകം കോളാമ്പി വേലിക്കിടയിലൂടെ എത്തി നോക്കുന്ന ശംഖുപുഷ്പം അങ്ങനെ അനേകം പൂക്കൾ ഈ ഗ്രാമത്തിന്റെ ഗ്രാമഭംഗി വർ


ദ്ധിപ്പിക്കുന്നു.തോടുകളിൽ ചാടിക്കളിക്കുന്ന മീനുകൾ നീർച്ചാലുകൾ ഒന്നായി ഒഴുകുന്ന പുഴ മീനുകളെ കൊത്താൻ തക്കം പാർത്ത് നിൽക്കുന്ന കൊറ്റികൾ അങ്ങനെഅനേകം കാഴ്ചകൾ.ഗ്രാമത്തിലെ ഗ്രാമവാസികൾ തമ്മിൽ ഒരു ഐക്യം നിലനിർത്തിയിരുന്നു.ഗ്രാമത്തിൽ ചന്ദനത്തിരികളും കുന്തിരിക്കവും പൂക്കളും സുഗന്ധം പരത്തി.വീടിന്റെ മുറ്റത്തിരുന്നാൽ പച്ചവിരിച്ച പാടങ്ങളിൽ തലയാട്ടി പുഞ്ചിരിച്ച നിൽക്കുന്ന നെൽക്കതിരുകൾ കാണാം.ആ നെൽക്കതിരുകൾക്ക് ചുറ്റും പാറി നിൽക്കുന്ന തുമ്പികൾ. കർഷകരെ വിളിച്ചുണർത്തുന്ന വിഷുപ്പക്ഷിയുടെ ശബ്ദം മനസ്സിനെ കുളിരണിയിക്കുന്നു. രാത്രിയായാൽ കാതിൽ മുഴങ്ങുന്നത് ചീവീടുകളുടെ ശബ്ദം. മഴപെയ്താൽ വിത്തുകൾ മുളപൊട്ടിവരുന്ന കാഴ്ച അതിസുന്ദരമാണ്.എത്ര സുന്ദരമാണെന്റെ ഗ്രാമം.......

SUDHEER 8-A


# കോണുകളുടെ പാട്ട്




കോണിൻ രണ്ടുവ ഭുജങ്ങളിൽ
വെളിയിലായ് വരുന്നൊരു ഭാഗം
കോണിൻ ബഹിർഭാഗമാണ്
പേരു ചൊല്ലി വിളിപ്പൂ
കോണിൻ രണ്ടുഭുജങ്ങൾക്കുള്ളിൽ
ആയിവരുന്നൊരു ഭാഗം
കോണിൻ



അന്തർഭാഗമാണ്
അറിയപ്പെട്ടീടുന്നു



കോണിന്നളവ് തൊണ്ണൂറായാൽ
മട്ടക്കോണെന്ന് വിളിക്കും നാം
തൊണ്ണൂറിൽ താഴെ എന്നായാലോ
ന്യൂന കോണായ് അറിയപ്പെടുന്നു



കോണളവുകൾ നൂറ്റി എൺപതിനും
തൊണ്ണൂറ് അതിനും മിടക്കായാലോ
ബൃഹത് കോണാണെന്നതിൻ പേര്
ആരു ഒരിക്കലും മറന്നീടല്ലേ

സ്രമാന്തര രേഖകളെ ഛേദകമൊന്ന്
ഖണ്ഡിച്ചീടിൽ ഉളവാം കോണുകൾ
ഏകാന്തരവും,സമസ്ഥാനീയവും
എല്ലായ്പ്പോഴും കോണുകൾ തുല്യം



MUSA 6-A

# മരമാണ് ആഗോളതാപനത്തിനുള്ള മറുപടി

കൊട്ടും ചൂട്, കൊട്ടുംകാറ്റ്,വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് കാരണം മനുഷ്യരാണ്.പ്രകൃതി എന്നീ മൂന്ന് അക്ഷരത്തിൽ നിന്ന് നമുക്ക് പ്രകൃതിയുടെ സൗന്ദര്യം മനസ്സിലാക്കാൻ സാധിക്കും.പ്രകൃതി നശിക്കുകയാണ്.മനുഷ്യരുടെ ഓരോ പ്രവൃത്തി ഈ ഭൂമിതന്നെ ഇല്ലാതാക്കുകയ്ണ്.

കേരളം അറിയപ്പെട്ടത് കർഷകരുടെ നാടായിട്ടായിരുന്നു.ആ നാടാണ് ഇപ്പോൾ വേറെ രീതിയിലേക്ക് മാറുന്നത്.മനുഷ്യരുടെ തണലാകുന്ന പലതും നശിക്കുകയാണ്. പ്രകൃതി സംരക്ഷിക്കേണ്ട മനുഷ്യരാണ് ഇതെല്ലാം ചെയ്യുന്നത്.കൃഷിയുള്ള സ്ഥലത്ത് ഇപ്പോൾ ഫ്ലാറ്റുകളും,റിസോട്ടുകളും,ഹോട്ടലുകളും വന്ന് ചേർന്നിരിക്കുന്നു.അതുകൂടാതെ തന്നെ നമ്മൾ ഉപയോഗിക്കുന്ന വെള്ളം അതിൽ ഇപ്പോൾ മാലിന്യങ്ങൾ നിറ
ഞ്ഞുകവിയുകയാണ്.പലയിടങ്ങളിൽ നിന്നും മാലിന്യങ്ങൾ പുഴകളിലേക്ക് തള്ളിക്കൊണ്ടിരിക്കുകയാണ്.ജീവജാലകങ്ങൾക്കും ഭീഷണിയായി തീരുകയാണ്.അന്തരീക്ഷത്തിൽ ഹരിതഗ്രഹവാതകങ്ങളുടെ അളവ് കൂടിയതോടെ ഭൂമിയിൽ താപനിലയും വർധിച്ചു.പച്ചക്കുടയായിരുന്ന നാട്

മാറിമാറിക്കൊണ്ടിരിക്കുകയാണ്.ആ പച്ചപ്പ് നമുക്ക് നഷ്ടപ്പെടുകയാണ്.ഇപ്പോൾ മനുഷ്യർക്ക് മണ്ണിനോടും,പ്രകൃതിയോടും വലിയ സ്നേഹമൊന്നുമില്ലാതായിരിക്കുകയാണ്.നമ്മുടെ കൂട്ടത്തിലും ഉണ്ട് ഇങ്ങനെ ചിലർ കുട്ടിക്കാലത്ത് ഓടികളിച്ച് നടന്ന ഈ മണ്ണിൽ തന്നെയാണ് മനുഷ്യർ ഈ കാണിച്ചുകൂട്ടുന്നത്. മനുഷ്യർ തന്നെയാണ് ഈ ഭൂമിയെ അകറ്റി നിർത്തുന്നത്. അവർ തന്നെയാണ് നമ്മളെ ദുഃഖത്തിൽ താഴ്ത്തുന്നത്. മരങ്ങൾ വെട്ടി നശിപ്പിക്കുന്നതിലൂടെ നമ്മുടെ ഭൂമിയെ നാശത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. പച്ചപ്പ് നിറ ഞ്ഞ നമ്മുടെ പ്രകൃതിയെ വെട്ടി നശിപ്പിച്ച ഒരു പേടിക്കുന്ന ലോകമായി മാറുകയാണ്. ഓക്സിജൻ,തീകൂട്ടാൻ ആവശ്യമായ മരക്കഷ്ണവും,കിട്ടുന്നത് ആ മരത്തിൽ നിന്നുതന്നെയാണ്. ഇതുപോലെ ഒട്ടേറെ സവിശേഷതകൾ പ്രകൃതിക്കുണ്ട്. മരം തികച്ചും ഒരായിരം വരം തന്നെയാണ്.

നാടിനെ

പച്ച

ചൂടിക്കുന്ന പ്രവർത്തനങ്ങളിൽ നമ്മക്ക് പങ്കുചേരാം നമ്മുടെ നല്ല പ്രകൃതിയെ നമുക്ക് തിരിച്ചുകൊണ്ടുവരാം.

ജാസിം 9-C

# മാതൃസ്നേഹം



കാലം വളർത്തിയ നീ നീയായിത്തീരുമ്പോൾ
കുഞ്ഞേ നീ എന്നെ മറന്നിടുന്നു
ഇല്ല മറക്കുവാനാവില്ലതെല്ലുമേ
അമ്മയ്ക്കു മക്കളെ ഭൂമിയിങ്കൽ
എന്നെ മറക്കാൻ പഠിപ്പിച്ചു നിന്നെയും
ലോക ക്രമത്തിൽ പരാക്രമങ്ങൾ
കാവ്യങ്ങൾ പാടി പുകഴ്ത്തിയ മാതൃത്വം
വീഥിയിൽ തെണ്ടിയലഞ്ഞിടുന്നു
കാണുവാൻ കേൾക്കുവാൻ ആരുമേയില്ലാതെ
ഭ്രാന്തിയെപ്പോലെയലഞ്ഞിടുന്നു.
ഒന്നു നാം ഓർക്കണം അമ്മമാർ നൽകിയ
ദാനമാണീ മർത്ത്യ ജീവിതങ്ങൾ.

അർജ്ജുൻ.ഇ.ജെ

# ജീവനാണെൻ പ്രകൃതി

പച്ചിലതൻ പഴുതിലൂടതാ കാണ്മൂ
വൃക്ഷലതാതികളും പൂക്കളും
ഹാ!എന്തു മനോഹരമാണെൻ പ്രകൃതി
വാനിങ്കലൂടതാ പറന്നു നടക്കും
പറവകളുടെ മധുര ശബ്ദവും
കാടിന്നടികത്തായി ഒഴുകുന്ന
പുഴതൻ കളകളാറവും..
മനസ്സിനന്മേശം പകർന്നു നിൽപ്പൂ..
ഞാനതിൽലയിച്ചു നിൽപ്പൂ...
ഹാ! എന്തു മനോഹരമാണെൻ പ്രകൃതി...
മഞ്ഞണിക്കാടുകളിൽ പൂത്തുനിൽക്കുന്ന
ചെമ്പക പുഷപ്പങ്ങളും മുല്ലപ്പൂക്കളും
കാടിന്നറുമണം ഏകുന്നു...
നിലാവിൽ കുളിച്ചു നിൽക്കുന്ന
പൂക്കളും,ആ പൂക്കൾതൻ മനോഹാരിതയും
എൻ ജീവിതം സാഫല്യമാക്കുന്നു
ജീവനാണെൻ പ്രകൃതി...
ജീവാംശമാണെൻ പ്രകൃതി...

ഷഹന ഷെറിൻ.പി.എസ്
9-B

# പൈതഗോറസ്

പുരാതന ഗ്രീസിലെ പ്രശസ്തനായ ഗണിത ശാസ്ത്രജ്ഞനും തത്തജ്ഞാനിയുമായിരുന്ന പൈതഗോറസ്. സൗരകേന്ദ്ര സിദ്ധാന്തം ആവിഷ്കരിച്ച കോപ്പർ നിക്കസിനെ പിന്താങ്ങിയ അദ്ദേഹം ഭൂമിക്ക് ഗോളാകൃതിയാണെന്നും ഗ്രഹങ്ങൾക്കെല്ലാം അവരുടേതായ സ ഞ്ചാരപാതയുണ്ടെന്നും സമർത്ഥിച്ചു. ത്രികോണമിതിയിലെ പ്രധാന സിദ്ധാന്തങ്ങളിലൊന്നായ പൈതഗോറസ് സിദ്ധാന്തം അദ്ദേഹത്തിന്റെ സംഭാവനയാണ്. ഗ്രീസിന്റെ ഭാഗമായിരുന്ന സാമോസിൽ ബി.സി 582 ലാണ് പൈതഗോറസിന്റെ ജനനം എന്ന് കരുതപ്പെടുന്നു. അക്കാലത്തെ പ്രശസ്ത പണ്ഡിതനായിരുന്ന അനക്സിമാണ്ടറുടെയും ഥെയിൽസിന്റെയും ശിഷ്യനായിരുന്ന അദ്ദേഹം ജ്യോതിശാസ്ത്രത്തിലും ഗണിതത്തിലും തത്ത്വചിന്തയിലും അറിവു നേടി. സംഗീതത്തിലും തത്പരനായിരുന്ന അദ്ദേഹം സംഗീതോപകരണങ്ങളിലെ ചരടുകളുടെ നീളം, വലിവ്, എന്നിവയ്ക്ക് ശബ്ദത്തിന്റെ ഉച്ചനീലാവസ്ഥ നിർണയിക്കുന്നതിൽ പ്രധാന പങ്കുണ്ടെന്ന് അദ്ദേഹം കണ്ടെത്തി. പ്രഭാതനക്ഷത്രവും സായാഹ്നനക്ഷത്രവും ഒന്നാണെന്ന് ആദ്യം മനസ്സിലാക്കിയത് പൈതഗോറസ് ആണ്. പൈതഗോറസിന്റെ അനുയായികൾ പൈതഗോറിയന്മാർ എന്നറിയപ്പെട്ടു. സംഖ്യകളുടെ ശക്തിയിൽ വിശ്വസിച്ചിരുന്ന വിഭാഗമാണ് ഇവർ.

MURALI.PK

# GLOBAL WARMING

*Global warming is a long-term rise in the average temperature at the earths climate system an aspect of climate change shown by temperature measurements and by multiple effect of the warming.Though earlies geological periods also experienced episodes of warming the term commonly refers to the observed and continuing increase in  average air and ocean temperatures since 1960 caused mainly by emission of greenhouse gases in the modern industrial economy in the modern context the teams global warming and climate change are commonly used inter changeably but climate change includes both global warming and its effects. Such as changes to precipitation and impacts that differ by region. Many of the observed changes to precipitation and impacts that differ by region many of the observed changes in climate since that 1905 are unprecedented in the instrumental temperature record and in historical and pale climate proxy records of climate change over thousands to million of years.*

ARJUN.E.J
9.A

# FLOOD

*You're packing up your sleeping bag*
*your lantern and your tent*
*And you're off to find the life you lost*
*But you're met sure where it went*




*And I hope this mountains teach you*
*How to stand both tall and proud.*
*That you see your life much clearer*
*with your head above the cloud*

*I hope you swim through rivers*
*with their currents swift end fast*
*That they show you must careful*
*when you wash every your past*
*I hope that you humbled*
*By the vastness of the sea*
*that the eagles high above you*
*make you feel like you are free*
*that the stars shine to remind you*
*that there's beauty in the dark*

KARTHIK VS

# ജാലിയൻ വാലാബാഗ്



പൗര-പത്ര സ്വാതന്ത്ര്യം നിരോധിച്ചുകൊണ്ട് ബ്രിട്ടീഷുകാർ പാസാക്കിയ നിയമത്തിനെതിരെയുള്ള ജനങ്ങളുടെ ശക്തമായ പ്രതികരണം 1919 ഏപ്രിൽ 13-ന് പഞ്ചാബിലെ അമൃതസർ ജില്ലയിലെ ജാലിയൻ വാലാബാഗിൽ ഡോ.സത്യപാലിനെയും ഡോ.സെയ്ഫുദ്ദീൻ കിച്ച്ലുവിനെയും അറസ്റ്റ് ചെയ്തതിനാൽ പ്രതിഷേധിക്കാൻ യോഗം ചേരുന്നു.പഞ്ചാബിലെ പട്ടാള മേധാവി ജനറൽ ഡയർ ഒരു മുന്നറിയിപ്പുമില്ലാതെ ജനങ്ങൾക്ക് നേരേ പട്ടാളത്തെ ഉപയോഗിച്ച് നിറയൊടിക്കാൻ തുടങ്ങി. 600 ൽ പരം പേർ അവിടെ മരിച്ചു വീണു സ്വാതന്ത്ര്യ സമരം പെട്ടന്ന് കത്തിജ്വലിക്കാൻഇടയാക്കിയ സംഭവങ്ങളിൽ പ്രധാന ഒന്നായിരുന്നു ഇത്_

# ചൗരി ചൗര സംഭവം



1922 ഫെബ്രുവരി 5-ന് യുപിയിലെ ഗോരക്പൂരിലെ ചൗരി,ചൗര എന്ന സ്ഥലത്ത് നിയമലംഘന പരിപാടിയിൽ സമാധാനപരമായി പങ്കെടുത്തിരുന്ന ജനങ്ങളെ പോലീസ് അകാരണമായി വെടിവെച്ചു.ക്ഷുഭിതരായ ജനക്കൂട്ടം പോലീസ് സ്റ്റേഷൻ തീവച്ചു.22 പോലീസുകാർ വെന്തുമരിച്ചു.ഈ സംഭവത്തോടെ ഗാന്ധിജി നിസഹരണ-നിയമലംഘന പ്രസ്ഥാനം നിർത്തിവെച്ചു.ഖാദിപ്രചാരണം അയിത്തോച്ചാടനം,ഹരിജനക്ഷേമം,ഹിന്ദു-മുസ്ലിം ഐക്യം എന്നീ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

VIMAL 9-C

# Protect Planet Earth

*If the Earth is under threat all life forms that inhabit the planet are in danger.Many of man's activities have caused disturbance to the earth*

*and its environment many natural systems that sustain life on earth have been affected in the process global warming and climate change are consequences of such disturbances*

*deforestation building of dams across rivers clearing of natural habitats of wild life as also air and water pollution have all adversely affected the natural equilibrium on earth causing threats to all life forms including man we need to protect life on earth by protecting planet earth*

ASHIKKA

9-C